**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി ഓഫീസറായ ശ്രീമതി മുഹസിന.എം.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.614/2023/AGRI തീയതി,തിരുവനന്തപുരം, 24-06-2023

---

പരാമർശം:-
1. കൃഷി വകുപ്പ് ഡയറക്ടറുടെ 06/10/2022 തീയതിയിലെ എസ്.ഡി (2) 2908/2022 നമ്പർ നടപടിക്രമം
2. കൃഷി വകുപ്പ് ഡയറക്ടറുടെ 26/10/2022 ലെ എസ്.ഡി (2) 2908/2022 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൃഷി ഓഫീസറായി 16/08/2018 പൂർവ്വാഹ്നത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി മുഹസിന.എം.കെ പ്രൊബേഷൻ കാലയളവിൽ 15-09-2019 മുതൽ 19-10-2019 വരെ 36 ദിവസത്തെ (20-10-2019 പിൻചേർത്ത് 35+1=36) ശൂന്യവേതനാവധി എടുത്തിട്ടുള്ളതിനാലും നിർബന്ധിത വകുപ്പുതല പരീക്ഷ പാസ്സാകാതിരുന്നതിനാലും ടിയാന്റെ പ്രൊബേഷൻ കാലയളവ് പരാമർശം (1) നടപടിക്രമം പ്രകാരം 21/09/2020 മുതൽ 20/09/2021 വരെ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചു കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീമതി മുഹസിന.എം.കെ. ജൂലൈ 2021 ന് അക്കൗണ്ട് ടെസ്റ്റ് ലോവർ പരീക്ഷ പാസ്സായിട്ടുണ്ടെന്നും ടി പരീക്ഷയുടെ അവസാന തീയതി 11/10/2021 ആണെന്നും അതിനാൽ ശ്രീമതി മുഹസിന.എം.കെ യുടെ പ്രൊബേഷൻ കാലയളവ് 12/10/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 21/09/2021 മുതൽ 13/10/2021 വരെ ദീർഘിപ്പിച്ചു ഉത്തരവാകണമെന്ന് പരാമർശം (2) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി ഓഫീസറായ ശ്രീമതി മുഹസിന.എം.കെ യുടെ പ്രൊബേഷൻ കെ എസ്.&എസ് എസ് ആർ ഭാഗം II ചട്ടം 28 (bbb) ലെയും 30/08/1989 ലെ 7850/റൂൾസ് -1-88/P&ARD നമ്പർ സർക്കുലറിലെയും വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 12/10/2021 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രഖ്യാപിക്കുന്നതിനായി ടിയാളുടെ പ്രൊബേഷൻ കാലയളവ് 21/09/2021 മുതൽ 13/10/2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി മുഹസിന.എം.കെ, കൃഷി ഓഫീസർ (ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്  മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(AGRI-EA2/77/2023-AGRI)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ